കോ-ഓർഡിനേറ്റർമാരുടെ ചുമതല

165(1422) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമബോർഡിന്റെ കീഴിൽ പഞ്ചായത്ത് തലത്തിൽ നിയോഗിച്ചിരിക്കുന്ന കോ-ഓർഡിനേറ്റർമാരുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) പഞ്ചായത്ത് തലത്തിൽ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് യുവജനക്ഷേമബോർഡ് എന്തൊക്കെ പരിപാടികളാണ് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന യുവശക്തി പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള യൂത്ത് സെന്ററുകൾ മുഖേന യുവജനക്ഷേമ പരിപാടികൾ താഴെത്തട്ടിൽ നടപ്പിലാക്കുന്ന യൂത്ത് സെന്ററുകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കയാണ് പ്രധാനമായും യൂത്ത് കോ-ഓർഡിനേറ്റർമാരുടെ ചുമതല. യുവശക്തി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി, തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ സർക്കാർ പദ്ധതി നടപ്പിലാക്കുക, കലാ-സാംസ്കാരിക മേളകൾ, ബോധവൽക്കരണ പരിപാടികൾ, ശുചിത്വ പ്രവർത്തനങ്ങൾ തുടങ്ങിയവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും സ്പോർട്സ് ആന്റ് ആർട്സ് ക്ലബ്ബുകളുടെയും സഹകരണത്തോടു കൂടി നടപ്പിലാക്കുക. യുവകർമ്മസേന, കാർഷിക ക്ലബ്ബുകൾ, ലേബർ ബാങ്ക്, സ്വയംതൊഴിൽ എക്സ്ചേഞ്ച് രൂപീകരണം, പഞ്ചായത്ത് തലത്തിൽ പ്രസക്തിയുള്ള യുവജനക്ഷേമ പദ്ധതികൾ തയ്യാറാക്കി പഞ്ചായത്തിലും ബോർഡിലും സമർപ്പിക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തുന്ന കേരളോത്സവം ജനകീയ പങ്കാളിത്തത്തോടെ സംഘടിപ്പിക്കുക, ടൂറിസം മേഖലയിലെ പ്രവർത്തനങ്ങളിൽ യുവജനങ്ങളെ പങ്കാളിയാക്കുക, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക തുടങ്ങിയവയും കോ-ഓർഡിനേറ്റർമാരുടെ ചുമതലകളിൽപ്പെടുന്നു.

(ബി) യുവശക്തിയുടെ ഭാഗമായി പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള യൂത്ത് സെന്ററുകൾ മുഖേനയാണ് യുവജനക്ഷേമ പരിപാടികൾ താഴെത്തട്ടിൽ നടപ്പിലാക്കുന്നത്. യുവശക്തിയുടെ ഭാഗമായ വിവിധ പദ്ധതികൾ ഏകോപിപ്പിച്ച് വിജയകരമായി നടത്തുന്നതിനായി യൂത്ത് കോ-ഓർഡിനേറ്റർമാരെ പഞ്ചായത്തുകളിൽ നിയമിച്ചിട്ടുണ്ട്. യുവശക്തിയുടെ ഭാഗമായി പഞ്ചായത്ത് തലത്തിൽ യുവകർമ്മ സേന, ബ്ലഡ് ഡോണേഴ്സ് ഫോറം, കാർഷിക ക്ലബ്, വനിതാ ക്ലബ്, ട്രൈബൽ ക്ലബ്, സ്വയംതൊഴിൽ എക്സ്ചേഞ്ച്, ലേബർ ബാങ്ക് എന്നിവ രൂപീകരിച്ച് തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

പരിശീലനങ്ങളും ബോധവൽക്കരണ പരിപാടികളും പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്നു. കൂടാതെ യൂത്ത് സെന്ററുകൾ മുഖേന കലാ-സാംസ്കാരിക മേളകൾ, ബോധവൽക്കരണ പരിപാടികൾ, സ്വയംതൊഴിൽ പരിശീലനങ്ങൾ എന്നിവ ഉൾപ്പെടുന്ന യുവജനക്ഷേമ പരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും പ്രാദേശിക യുവജന സംഘടനകളുടെയും യൂത്ത് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളുടെയും സഹകരണത്തോടെ ബഹുജന പങ്കാളിത്തത്തോടെ കൂടുതൽ അർത്ഥവത്തായ രീതിയിൽ താഴെത്തട്ടിൽ നടപ്പിലാക്കുവാൻ സാധിക്കുന്നു.

സംസ്ഥാനം കടം എടുക്കുന്നതിനുള്ള മാനദണ്ഡം

166(1423) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ എത്ര രൂപ കടം എടുത്തു ;

(ബി) സംസ്ഥാനം കടം എടുക്കുന്നത് സംബന്ധിച്ച് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ;

(സി) സംസ്ഥാനത്തിന്റെ ഏതെങ്കിലും പദ്ധതി നടപ്പാക്കുന്നതിന് ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കടം എടുക്കുകയോ കടം എടുക്കുന്നതിന് ഗ്യാരണ്ടി നൽകുകയോ ചെയ്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006-07 സാമ്പത്തിക വർഷം മുതൽ 2010 ഡിസംബർ 31 വരെ (തനികണക്ക്) 28,369 കോടി രൂപ കടം എടുത്തിട്ടുണ്ട് (2010-11-ലെ കണക്ക് താത്ക്കാലികം).

(ബി) സംസ്ഥാന സർക്കാരിനുവേണ്ടി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ കടമെടുക്കുമ്പോൾ കേന്ദ്ര ഗവൺമെന്റിൽ നിന്നും ഭരണഘടനയുടെ അനുച്ഛേദം 293(3) പ്രകാരമുള്ള അനുമതി നേടിയിരിക്കണം എന്ന നിബന്ധന മാത്രമാണുള്ളത്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly